## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 211** **10-06-2024 - ൽ മറുപടിയ്ക്ക്**

## പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ സൂപ്രണ്ട് നിയമനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ നിലവിൽ സൂപ്രണ്ട് ഇല്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ആരോഗ്യ വകുപ്പിൽ അസിസ്റ്റന്റ് സർജൻ തസ്തികയിലാണ് ഡോക്ടർമാർ സർവ്വീസിൽ പ്രവേശിക്കുന്നത്. അസിസ്റ്റന്റ് സർജൻ തസ്തികയിൽ ജോലി ചെയ്യുന്നവരിൽ നിന്ന് ഓപ്ഷൻ സ്വീകരിച്ച് ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ തസ്തികയിലേക്ക് നിയമനം നൽകുകയും 2010 ലെ കേരള മെഡിക്കൽ ഓഫീസേഴ്സ് സ്പെഷ്യൽ റൂൾസ് പ്രകാരം ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ തസ്തികയിൽ പ്രൊബേഷൻ പൂർത്തിയാക്കി 5 വർഷ സേവനം പൂർത്തീകരിക്കുകയും ചെയ്യുമ്പോഴാണ് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ പ്രൊമോഷൻ നൽകി വരുന്നത്. 30.11.2023 വരെയുള്ള സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർമാരിൽ നിന്നും നിശ്ചിത യോഗ്യതയുള്ള 19 പേർക്ക് 01.03.2024 ലെ സ.ഉ (സാധാ) നം. 621 / 2024/ ആകുവ പ്രകാരം അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേക്ക് പ്രൊമോഷൻ നൽകിയിരുന്നു. പ്രസ്തുത പ്രൊമോഷൻ സമയത്ത് ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ തസ്തികയിൽ നിന്ന് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേക്ക് പ്രൊമോഷന് അർഹതയുള്ളവരോ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ സ്ഥലംമാറ്റത്തിന് അപേക്ഷിച്ചിരുന്നവരോ പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിലേക്ക് സ്ഥലംമാറ്റത്തിനുള്ള അപേക്ഷ സമർപ്പിച്ചിരുന്നില്ല. ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ നിയമനവുമായി ബന്ധപ്പെട്ട് കോടതി വ്യവഹാരം നിലവിലുള്ളതിനാലാണ് ടി തസ്തികയിലേക്ക് ഓപ്ഷൻ വിളിക്കാതിരുന്നത്.<br><br>2024 -ലെ പൊതു സ്ഥലംമാറ്റത്തിൽ അസിസ്റ്റന്റ് ഡയറക്ടർമാരിൽ ആരെങ്കിലും പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിലേക്ക് സ്ഥലംമാറ്റത്തിന് അപേക്ഷ |

| | | | |
|---|---|---|---|
| | | | സമർപ്പിച്ചിട്ടുണ്ടെങ്കിൽ പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിലെ സൂപ്രണ്ടിന്റെ തസ്തികയിലേക്ക് നിയമനം നടത്തുന്നതാണ്. നിലവിൽ പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിലെ സൂപ്രണ്ടിന്റെ ചുമതല ആ സ്ഥാപനത്തിലെ ഗൈനക്കോളജി കൺസൾട്ടന്റിന് നൽകിയിട്ടുണ്ട്. |
| (ബി) | സൂപ്രണ്ട് നിയമനം അടിയന്തരമായി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | ആരോഗ്യ വകുപ്പിൽ അസിസ്റ്റന്റ് സർജൻ തസ്തികയിലാണ് ഡോക്ടർമാർ സർവ്വീസിൽ പ്രവേശിക്കുന്നത്. അസിസ്റ്റന്റ് സർജൻ തസ്തികയിൽ ജോലി ചെയ്യുന്നവരിൽ നിന്ന് ഓപ്ഷൻ സ്വീകരിച്ച് ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ തസ്തികയിലേക്ക് നിയമനം നൽകുകയും 2010 ലെ കേരള മെഡിക്കൽ ഓഫീസേഴ്സ് സ്പെഷ്യൽ റൂൾസ് പ്രകാരം ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ തസ്തികയിൽ പ്രൊബേഷൻ പൂർത്തിയാക്കി 5 വർഷ സേവനം പൂർത്തീകരിക്കുകയും ചെയ്യുമ്പോഴാണ് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ പ്രൊമോഷൻ നൽകി വരുന്നത്. 30.11.2023 വരെയുള്ള സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർമാരിൽ നിന്നും നിശ്ചിത യോഗ്യതയുള്ള 19 പേർക്ക് 01.03.2024 ലെ സ.ഉ (സാധാ) നം. 621 / 2024/ ആകുവ പ്രകാരം അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേക്ക് പ്രൊമോഷൻ നൽകിയിരുന്നു. പ്രസ്തുത പ്രൊമോഷൻ സമയത്ത് ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ തസ്തികയിൽ നിന്ന് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേക്ക് പ്രൊമോഷന് അർഹതയുള്ളവരോ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ സ്ഥലംമാറ്റത്തിന് അപേക്ഷിച്ചിരുന്നവരോ പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിലേക്ക് സ്ഥലംമാറ്റത്തിനുള്ള അപേക്ഷ സമർപ്പിച്ചിരുന്നില്ല. ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ നിയമനവുമായി ബന്ധപ്പെട്ട് കോടതി വ്യവഹാരം നിലവിലുള്ളതിനാലാണ് ടി തസ്തികയിലേക്ക് ഓപ്ഷൻ വിളിക്കാതിരുന്നത്.<br><br>2024 -ലെ പൊതു സ്ഥലംമാറ്റത്തിൽ അസിസ്റ്റന്റ് ഡയറക്ടർമാരിൽ ആരെങ്കിലും പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിലേക്ക് സ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിൽ പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിലെ സൂപ്രണ്ടിന്റെ തസ്തികയിലേക്ക് നിയമനം നടത്തുന്നതാണ്. നിലവിൽ പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിലെ സൂപ്രണ്ടിന്റെ ചുമതല ആ സ്ഥാപനത്തിലെ ഗൈനക്കോളജി കൺസൾട്ടന്റിന് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ